(ബി) അന്നു മുതൽ ഈ ഇനത്തിൽ എന്ത് ലാഭ കെ.എസ്.ആർ.ടി.സി.-ക്ക് ലാഭിക്കാനായിട്ടുണ്ട്; വാങ്ങിയ ഇന്ധന അടിസ്ഥാനത്തിൽ പട്ടിക തിരിച്ച് കണക്ക് നല്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 18-1-2013 മുതൽ കെ.എസ്.ആർ.ടി.സി.-യെ കേന്ദ്ര സർക്കാർ ബൾക്ക് പർച്ചേസർ പട്ടികയിൽപ്പെടുത്തി ഇന്ധന വിലയിലെ സബ്സിഡി എടുത്തുകളഞ്ഞതുമൂലം ഇന്ധനവിലയിൽ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായി. ഇന്ധനവില വർദ്ധനവിനെതിരെ കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി ഉത്തരവ് മുഖേന സബ്സിഡിയോടുകൂടി ഡീസൽ ലഭിച്ചു വരികയായിരുന്നു. എന്നാൽ 16-9-2013-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഹൈക്കോടതി വിധി സ്റ്റേ ചെയ്തതിനെ തുടർന്ന് മറ്റു മാർഗ്ഗങ്ങളില്ലാത്തതിനാൽ കോർപ്പറേഷൻ സ്വപ്പക്കോ/സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ നിറച്ചു വരികയായിരുന്നു. എന്നാൽ ഈ വിലയും പടിപടിയായി ഉയർന്ന് സബ്സിഡി ഇല്ലാത്ത ബൾക്ക് കൺസ്യൂമർക്ക് ലഭിക്കുന്ന നിരക്കിനെക്കാളും ഡീസൽ വില കൂടിയതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. ബൾക്ക് കൺസ്യൂമർ എന്ന നിലയിൽ ഡീസൽ ഓയിൽ കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങി ഉപയോഗിക്കുകയാണ്. നിലവിൽ ഡീസൽ ലിറ്ററിന് 54.23 രൂപയ്ക്കാണ് ലഭിക്കുന്നത്. ഹൈക്കോടതി ഉത്തരവ് മുഖേന സബ്സിഡി ലഭ്യമായ കാലയളവിൽ ഈ ഇനത്തിൽ ലാഭിക്കാനായ 62 കോടി രൂപ എന്ന് ഇൻസ്റ്റാൾമെന്റ് അടിസ്ഥാനത്തിൽ തിരിച്ചടക്കുവാൻ കഴിയുമെന്ന്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ ബഹു. സുപ്രീം കോടതി ആരാഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത തുക ലാഭമായി കണക്കിലാക്കുവാൻ കഴിയുകയില്ല

ബസ് യാത്രാ നിരക്ക് വർദ്ധനയും ഇന്ധന വിലയും

316 (322). ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എന്നുമുതലാണ് ബസ് യാത്രാ നിരക്കുകൾ വർദ്ധിപ്പിച്ചത്;

(ബി) വർദ്ധനവ് പ്രാബല്യത്തിൽ വന്നശേഷം എന്ന് മുതലാണ് ഡീസൽ വില കുറഞ്ഞു തുടങ്ങി ഇന്നത്തെ താഴ്ന്ന നിലയിലെത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇന്ധന വിലയിടിഞ്ഞതിനെത്തുടർന്ന് KSRTC-യ്ക്ക് ആ ഇനത്തിൽ ഇതുവരെ എന്ത് തുക ലഭ്യമായിട്ടുണ്ട് ;വിശദമാക്കാമോ ;

(ഡി) ലാഭം KSRTC-യ്ക്ക് ഏത് വിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 20-5-2014 മുതൽ

(ബി) 19-10-2014 മുതൽ

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസ്

317 (323) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ സർവ്വീസ് നടത്തുന്നതിന് ഉപയുക്തമായ എത്ര ബസുകളാണ് ഉണ്ടായിരുന്നതെന്നും ഇതു വഴി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ എത്ര ബസുകൾ കണ്ടം ചെയ്ത് മാറ്റിയിട്ടുണ്ടെന്നും എത്ര ബസുകൾ കൂടുതലായി ഡിപ്പോയിലേക്ക് അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ചതിൽ എത്ര പുതിയ ബസുകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ ;

(സി) വൈക്കം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഇപ്പോൾ എത്ര ബസുകളാണ് ഉള്ളതെന്നും ഇതുവഴി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 4 വർഷത്തിനുള്ളിൽ വൈക്കം ഡിപ്പോയിലേയ്ക്ക് അനുവദിച്ച ബസുകൾ ഏതൊക്കെ മോഡലുകളിൽ ഉള്ളവയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ സർവ്വീസ് നടത്തുന്നതിന് ഉപയുക്തമായ 62 ബസുകളാണ് ഉണ്ടായിരുന്നത്. ഇതുവഴി ശരാശരി 49 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly